**GAZETTE DATE : 30.04.2026**
**LAST DATE : 03.06.2026**

# GENERAL RECRUITMENT – DISTRICT WISE
# CATEGORY NO: 21/2026

Applications are invited online only by **One Time Registration** system exclusively from qualified candidates for selection to the undermentioned post. Application must be submitted online through the Official website of the Kerala Public Service Commission after 'One Time Registration'. Candidates who have already registered can apply through their profile. Application submitted in any other manner will be summarily rejected.

1. Department : Kerala State Electricity Board Ltd.
2. Name of post : Electricity Worker
3. Scale of pay : ₹ 24,400 – 43,600/-
4. Number of vacancies : District wise

| | |
|---|---|
| Thiruvananthapuram | 101 (One Hundred and One) |
| Kollam | 49 (Forty Nine) |
| Pathanamthitta | 24 (Twenty Four) |
| Alappuzha | 70 (Seventy) |
| Kottayam | 64 (Sixty Four) |
| Idukki | 96 (Ninety Six) |
| Ernakulam | 139 (One Hundred and Thirty nine) |
| Thrissur | 62 (Sixty Two) |
| Palakkad | 68 (Sixty Eight) |
| Malappuram | 64 (Sixty Four) |
| Kozhikode | 117 (One Hundred and Seventeen) |
| Wayanad | 26 (Twenty Six) |
| Kannur | 73 (Seventy Three) |
| Kasargod | 32 (Thirty Two) |

Note: (i) Ranked list will be prepared for the above Districts in pursuance of this notification. The Ranked list thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said Ranked list will continue to be in force till the publication of a new Ranked list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against aforesaid vacancy and also against the vacancies, if any, reported during the currency of the Ranked list.

(ii) Candidates should submit applications for the post to any one of the above district and should note the name of that district against the relevant column in the online application. Applications should not be submit to more than one district in response to this notification. If applications are submitted contrary to the above direction, any if he/she is selected, his/her name will be removed from the ranked lists and disciplinary action will be taken against him/her.

(iii) The selection in pursuance of this notification will be made on a Revenue District basis, subject to the special conditions laid down in GO (MS) No.154/71/PD dated 27/05/1971. A candidate advised for appointment in one revenue District from the Ranked List prepared is

not eligible for transfer to another District unless he/she completes five years continuous service from the date of commencement of service in the former District. Even if transfer is allowed after five years, it will be subject to the rules in G.O. (MS) No.36/91/PD dated 02.12.1991. Candidates already in Government service holding the same post in any one District are prohibited from applying again for this post, but they can apply to higher/lower posts when notified.

(iv) In the case of candidates applying for district wise selections in Idukki, Wayanad and Kasaragod districts working arrangement, deputation, transfer and mutual transfer will not be allowed for at least ten years, if they are appointed from the ranked lists of those districts, their promotion will also be limited to those districts. (G.O(Ms) N0. 6/2026/P&ARD dated 22.01.2026)

(v) 4% of the total vacancies reported for the above post shall be reserved for eligible Differently Abled candidates with disabilities as specified by G.O(Rt) No. 136/2025/SJD dated 06.06.2025.

(Link)
Present Order of Rights of Persons with disabilities Act, 2016

**5. Method of appointment** : **Direct Recruitment**

**6. Age Limit** : **18 - 40.** Only candidates born between 02.01.1986 and 01.01.2008 (both dates included) are eligible to apply for this post, with usual age relaxation to Scheduled Caste and Scheduled Tribes and Other Backward Classes.

**Note:** For concession allowed in upper age limit, subject to the conditions that the maximum age limit shall in no case exceed 50 years, please see Para 2 of the General Conditions under Part II of the Gazette notification.

**7. Qualifications :**

(a) A pass in SSLC or its equivalent

and

(b) Government approved 2 year National/State Trade Certificate in Electrician/ Wireman

and

(c) Physical Standards :-

(a) Minimum Height : (i) For Male candidates 5' 2" (157.48 cm)
(ii) For Female candidates 4' 9" (144.78 cm)

(b) Vision : Normal (free from colour blindness)

(c) Must be Physically fit for outdoor works and physical fitness shall be evaluated by testing poll climbing skill. Candidates must be able to ascend and descend 9m electric pole with in a time limit of 8 minutes. The proficiency of the candidate shall be assessed in a Practical test to be conducted by the Kerala Public Service Commission at the time of selection.

Note :- A Medical Certificate in the prescribed format to prove the physical fitness & Vision

**FORM OF MEDICAL CERTIFICATE**

**(For the post of Electricity Worker in Kerala State Electricity Board Ltd)**

**(To be filled up by a Medical Officer not below the rank of an Assistant Surgeon)**

I have this day medically examined Sri ....................................................................................(Name & Address …........................... …................................................................................................................................................ ........................…..................................... and found that he/she has no disease or infirmity which would render him/her unsuitable for the post of Electricity Worker in KSEB Limited.

| | |
|---|---|
| **1.** Height :<br>**2.** Vision : | Photo of the Candidate<br>(The Signature of the Medical Officer shall be affixed on the Photograph leaving the face clear) |

(Also indicate whether free from Colour Blindness or not.)

3. He/She is physically …....................................................................... for outdoor works.

(Please note whether 'fit' or 'unfit')

Place :
Date :

(Office Seal)

Signature:

Name & Designation of the Medical Officer:

**1.** Height : (1) For male candidates : 5'2" (157.48 cm)

(2) For Female candidates : 4' 9" (144.78 cm)

**2.** Vision :- Normal (Free from Colour Blindness)

**3.** Must be physically fit for the outdoor work.

**Note** :

(1) Rule 10(a) (ii) of KS & SSR Part II is applicable for selection to this post

(2) In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Govt. as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Govt. orders declaring equivalent or higher qualifications shall be produced as and when required by the Commission.

**8. Mode of submitting Applications:-**

**(a)** Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission www.keralapsc.gov.in before applying for the post.

Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the **Notification Link** to apply for the post. Name of the candidate and the date of taking photograph should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking photograph. **Those candidates who are creating a new profile should upload a photograph taken within a period of six months.** There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application, candidates must ensure correctness of the information on their profile. They must quote the User-ID for further communication with the Commission. Application once submitted is received as provisional and the details cannot be deleted or altered after submission. Candidates are advised to keep printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link **'My Applications'** in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application. The application submitted not in accordance with the conditions stipulated in the notification will be summarily rejected in due course of processing. Original documents to prove qualification, age, community etc. have to be produced as and when called for. The profile correction made by the candidates themselves or through the office of the Kerala Public Service Commission on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

**(b)** If written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their **'One Time Registration'** profile. Such candidates alone can generate and download the Admission Tickets prior to 15 days of date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination programme itself. Information in this regard will be given to the candidates in their profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**(c) Candidates who have AADHAAR card should add AADHAAR card as Identity Proof in their profile.**

**9. Last date of receipt of applications : 03.06.2026 Wednesday** up to 12 midnight.

**10. Website to which applications are to be sent:** www.keralapsc.gov.in

**11. Special Instructions to Candidates**

(i) Candidates who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time; otherwise, they will not be considered for the next stage of the selection.

(ii) In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a gazette notification in this regard, along with Non-Creamy Layer Certificate/Community Certificate at the time of certificate verification.

(iii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(iv) Appropriate disciplinary action as per Rule 22 of Kerala Public Service Commission Rules of Procedure 1976 shall be initiated against those candidates who submit applications with bogus

claims of qualifications regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in the written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**(For details including Identity Proof, photo etc., please see the General Conditions given below as Part II of this notification)**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## ജനറൽ റിക്രൂട്ട്മെന്റ് – ജില്ലാതലം
## കാറ്റഗറി നമ്പർ : 21/2026

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമായി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി ഓൺലൈനായി **ഒറ്റത്തവണ രജിസ്ട്രേഷൻ** പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. മറ്റ് വിധത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

1. **വകുപ്പ്** : **കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
2. **ഉദ്യോഗപ്പേര്** : **ഇലക്ട്രിസിറ്റി വർക്കർ**
3. **ശമ്പളം** : **₹ 24,400 – 43,600/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| | |
|---|---|
| തിരുവനന്തപുരം | 101 (നൂറ്റി ഒന്ന്) |
| കൊല്ലം | 49 (നാൽപ്പത്തി ഒൻപത്) |
| പത്തനംതിട്ട | 24 (ഇരുപത്തി നാല്) |
| ആലപ്പുഴ | 70 (എഴുപത്) |
| കോട്ടയം | 64 (അറുപത്തി നാല്) |
| ഇടുക്കി | 96 (തൊണ്ണൂറ്റി ആറ്) |
| എറണാകുളം | 139 (നൂറ്റി മുപ്പത്തി ഒൻപത്) |
| തൃശ്ശൂർ | 62 (അറുപത്തി രണ്ട്) |
| പാലക്കാട് | 68 (അറുപത്തി എട്ട്) |
| മലപ്പുറം | 64 (അറുപത്തി നാല്) |
| കോഴിക്കോട് | 117 (നൂറ്റി പതിനേഴ്) |
| വയനാട് | 26 (ഇരുപത്തി ആറ്) |
| കണ്ണൂർ | 73 (എഴുപത്തി മൂന്ന്) |
| കാസർഗോഡ് | 32 (മുപ്പത്തി രണ്ട്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം മുകളിൽ കാണിച്ചിട്ടുള്ള ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PD-യിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 36/91/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന/താഴ്ന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ

ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ജില്ലാതല തെരഞ്ഞെടുപ്പിന് ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകളിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ പ്രസ്തുത ജില്ലകളിലെ റാങ്ക് പട്ടികകളിൽ ഉൾപ്പെട്ട് നിയമനം ലഭിച്ചാൽ കുറഞ്ഞത് പത്ത് വർഷത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, ട്രാൻസ്ഫർ, മ്യൂച്ചൽ ട്രാൻസ്ഫർ എന്നിവ അനുവദിക്കുന്നതല്ല. അവരുടെ പ്രൊമോഷനും ടി ജില്ലകളിൽ തന്നെ പരിമിതപ്പെടുത്തുന്നതാണ്. (G.O(Ms) N0. 6/2026/P&ARD dated 22.01.2026)

(v) മേൽ തസ്തികയ്ക്ക് ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ 06.06.2025 തീയതിയിലെ G.O(Rt)No. 136/2025/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(Link)

Present Order of Rights of Persons with disabilities Act, 2016

**5. നിയമന രീതി** : **നേരിട്ടുള്ള നിയമനം.**

**6. പ്രായപരിധി** : **18 – 40.** ഉദ്യോഗാർത്ഥികൾ 02.01.1986-നും 01.01.2008-നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്കവിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക.

**7. യോഗ്യതകൾ :**

(a) എസ്. എസ്. എൽ. സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയിരിക്കണം.

കൂടാതെ

(b) ഇലക്ട്രീഷ്യൻ/വയർമാൻ ട്രേഡിലുള്ള 2 വർഷത്തെ സർക്കാർ അംഗീകൃത നാഷണൽ/സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് .

കൂടാതെ

(c) ശാരീരിക യോഗ്യതകൾ :-

(a) ഏറ്റവും കുറഞ്ഞ ഉയരം : (1) പുരുഷ ഉദ്യോഗാർത്ഥികൾ : 5 അടി 2 ഇഞ്ച് (157.48 cm)

(2) സ്ത്രീ ഉദ്യോഗാർത്ഥികൾ : 4 അടി 9 ഇഞ്ച് (144.78 cm)

(b) കാഴ്ച : സാധാരണ (വർണ്ണാന്ധത ഉണ്ടായിരിക്കരുത്)

(c) പുറം ജോലികൾ ചെയ്യുന്നതിനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. ശാരീരികക്ഷമത പോൾ ക്ലൈംബിംഗിലുള്ള വൈദഗ്ധ്യം പരിശോധിച്ച് വിലയിരുത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ 9 മീറ്റർ ഉയരമുള്ള ഇലക്ട്രിക് പോസ്റ്റിൽ 8 മിനിറ്റിനുള്ളിൽ കയറുകയും ഇറങ്ങുകയും ചെയ്യണം. കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ ഉദ്യോഗാർത്ഥിയുടെ പ്രാവീണ്യം തെരഞ്ഞെടുപ്പ് സമയത്ത് വിലയിരുത്തുന്നതാണ്.

കുറിപ്പ് :- ശാരീരിക ക്ഷമത തെളിയിക്കാൻ നിർദ്ദിഷ്ട ഫോർമാറ്റിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

**(For the post of Electricity Worker in Kerala State Electricity Board Ltd)**

**(To be filled up by a Medical Officer not below the rank of an Assistant Surgeon)**

I have this day medically examined Sri ..........................................................................................................… (Name & Address…........................................................................................................................................... ....................................…................................... and found that he / she has no disease or infirmity which would render him / her unsuitable for the post of Electricity Worker in KSEB Limited.

1. Height :
2. Vision :

| |
|---|
| Photo of the candidate (The Signature of the Medical Officer should be affixed on the Photograph leaving the face clear) |

(Also indicate whether free from Colour Blindness or not)

3.He /She is physically …....................................................................... for outdoor work.

(Please note whether 'fit' or 'unfit')

Place :
Date :

(Office Seal)

Signature :

Name & Designation of the Medical Officer :

1. Height :- (1) For male candidates : 5' 2" (157.48 cm)

   (2) For Female candidates : 4' 9" (144.78 cm)

2. Vision :- Normal (Free from Colour Blindness)

3. Must be physically fit for the outdoor work.

**കുറിപ്പ് :–** അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത സർക്കാർ സർവീസിലുള്ള ഒരു മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ആയിരിക്കണം.

(i) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

(ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി **'ഒറ്റത്തവണ രജിസ്ട്രേഷൻ'** പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന **Notification Link**-ലെ **Apply**

**Now** –ൽ മാത്രം click ചെയ്യേണ്ടതാണ്. പ്രൊഫൈലിൽ upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. **പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്ത ഫോട്ടോയാണ് പ്രൊഫൈലിൽ upload ചെയ്യേണ്ടത്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നുംതന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ **'My applications'** എന്ന Link–ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

**(ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ്, അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി എന്നിവ സംബന്ധിച്ച പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

**(സി)** **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 03.06.2026 ബുധനാഴ്ച** രാത്രി 12 മണി വരെ.

**10 അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്:** www.keralapsc.gov.in

**11. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:**

(i) തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ, മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്നപക്ഷം അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ അവ അപ് ലോഡ് ചെയ്യേണ്ടതാണ്, അല്ലാത്തപക്ഷം രേഖകൾ അപ് ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന്റെ തുടർഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

(ii) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(iv) വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ 1976-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(ഫോട്ടോ, തിരിച്ചറിയൽ രേഖ എന്നിവയുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് II – ൽ നൽകിയിരിക്കുന്ന പൊതുവ്യവസ്ഥകൾ കൂടി കാണുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ